## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3420

29.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഭവന പദ്ധതികൾക്കുള്ള ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജു<br>ശ്രീമതി. ഇ.എസ്.ബിജിമോൾ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ധനസഹായം പൂർണ്ണമായി ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ഇ.എം.എസ്. ഭവനപദ്ധതി ഗുണഭോക്താക്കളായ പൊതു/പട്ടികജാതി വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും, പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ടര ലക്ഷം രൂപയായും ധനസഹായപരിധി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അധിക ധനസഹായം നൽകുന്നതിൽ കാലതാമസം നേരിട്ട വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) വിവിധ ഭവന പദ്ധതികൾ പ്രകാരം 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എത്ര ഗുണഭോക്താക്കളാണ് കരാർവെച്ച് വീട്ടുപണി ആരംഭിച്ചത്; ഇവർക്ക ധനസഹായം കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ, എന്നത്തേയ്ക്ക കൊടുത്തുതീർക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ; | ബി) 2011-12 സാമ്പത്തിക വർഷം അവസാനിച്ച ഇ.എം.എസ്. ഭവനപദ്ധതിയിൻ കീഴിൽ പഞ്ചായത്ത് തലത്തിൽ 31.3.2012 വരെ 1,53,829 ഗുണഭോക്താക്കൾ കരാർ വെച്ചി ട്ടുണ്ട്. ആയതിൽ 1,19,341 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 33,840 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാകാനുണ്ട്. ടിയാളുകൾക്ക് ധനസഹായം കൊടുത്ത് തീർക്കാനുണ്ട്. ഇ.എം.എസ്. ഭവനപദ്ധതിയിൻ കീഴിലെ ഗുണഭോക്താക്കൾക്ക് അധിക ധനസഹയം നൽകുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇന്ദിരാ ഭവന പദ്ധതിയിൽ 2011-12 വർഷത്തിൽ 54,717 ഗുണഭോക്താക്കളും 2012-13 വർഷത്തിൽ 44,902 ഗുണഭോക്താക്കളും കരാർ വെച്ച് പണി ആരംഭിച്ചിട്ടുണ്ട്. ഇവർക്ക് ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാക്കുന്ന മുറയ്ക്ക് ധനസഹായ വിതരണം ചെയ്തു വരുന്നു. |

| | |
|---|---|
| സി) ഇന്ദിരാ ഭവനപദ്ധതി, ഇ.എം.എസ്. ഭവനപദ്ധതി, എം.എൻ.ലക്ഷം വീട് പുനരുദ്ധാരണപദ്ധതി എന്നിവയിലായി എത്ര വീട്ടുകളുടെ പണിയാണ് പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ? | സി) ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം 40,759 വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. എം.എൻ.ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം നവീകരണം ആരംഭിച്ച വീട്ടുകളിൽ 1,084 വീട്ടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കാനുണ്ട്. ഇന്ദിരാ ഭവന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ 63,026 വീട്ടുകളാണ് നിർമ്മാണത്തിലിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ